**തിരുവനന്തപുരം ജില്ലാ കളക്ടറുടെ നടപടിക്രമം**
**(ഹാജർ:ജെറോമിക് ജോർജ്ജ് ഐ.എ.എസ്)**

കെ 3/310618/2021 തീയതി : 20.03.2024

=======================================================

വിഷയം: പൊന്നുംവില - അഴൂരിനെയും-മുരുക്കുംപുഴയേയും കഠിനംകുളം കായലുമായി ബന്ധിപ്പിക്കുന്ന റോഡിന്റെയും പാലത്തിന്റെയും നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ -സാമൂഹ്യപ്രത്യാഘാത പഠനം- വിദഗ്ധ സമിതി ശുപാർശകൾ അംഗീകരിച്ചുകൊണ്ട് 2013 ലെ RFCTLARR ആക്ടിലെ വകുപ്പ് 8(2) പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് അനുമതി നൽകി സമുചിത സർക്കാർ ഉത്തരവാകുന്നു.

സൂചന: : 1. 29.06.2016-ലെ ജി.ഒ (പി)376/2016/ആർഡി നമ്പർ സർക്കാർ ഉത്തരവ്.
2. വിദഗ്ധ സമിതിയുടെ 12.03.24 ലെ റിപ്പോർട്ട്.

ചിറയിൻകീഴ് താലൂക്കിൽ അഴൂരിനെയും-മുരുക്കുംപുഴയേയും കഠിനംകുളം കായലുമായി ബന്ധിപ്പിക്കുന്ന റോഡിന്റെയും പാലത്തിന്റെയും നിർമ്മാണത്തി നായി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് പി.ഡബ്ല്യൂ.ഡി ബ്രിഡ്ജസ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ അർത്ഥന സമർപ്പിച്ചിരുന്നു. തുടർന്ന് സാമൂഹിക ആഘാത പഠനം നടത്തുന്നതിന് എസ്.ഐ.എ ഏജൻസിയായ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് (ആട്ടോണോമസ്) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിരുന്നു. SIA യൂണിറ്റ് സമർപ്പിച്ച The Right to Fair Compensation and Transparency in Land Acquisiton, Rehabilitation and Resettlement Act, 2013 അധ്യായം 2 എ പ്രകാരമുള്ള സാമൂഹിക ആഘാതപഠന റിപ്പോർട്ട് ടി നിയമത്തിലെ 7-ാം വകുപ്പ് പ്രകാരം വിദഗ്ധ സമിതി വിലയിരുത്തി 6-ാം ഉപവകുപ്പ് അനുശാസിക്കും വിധം പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. 200 ആർ വരെയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളിൽ സമുചിത സർക്കാർ ആയി ജില്ലാകളക്ടറെ സൂചന (1) പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഭൂമി ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശങ്ങളും സാമൂഹിക ആഘാത റിപ്പോർട്ടും വിദഗ്ധ സമിതിയുടെ വിലയിരുത്തലും ടി നിയമത്തിലെ 8-ാം വകുപ്പ് പ്രകാരം വിശദമായി പരിശോധിച്ചതിൽ നിർദ്ദിഷ്ട പദ്ധതി പൊതു ആവശ്യത്തിന് ഉൾപ്പെട്ടുവരുന്നതാണെന്നും ഈ പദ്ധതിയുടെ പൂർത്തീകരണം മൂലം തിരുവനന്തപുരം, ചിറയിൻകീഴ് താലൂക്കിൽ കഠിനംകുളം കായലിന് കുറുകെ അഴൂർമുരുക്കുംപുഴ ഭാഗങ്ങളെ തമ്മിൽ ബന്ധപ്പിക്കുന്നതു വഴിയും നടപ്പാതയുള്ള - പാലവും അനുബന്ധ റോഡും രൂപീകരിക്കുന്നതു വഴിയും ഇവിടെയുള്ള ജനങ്ങൾക്ക് സഞ്ചാര സൌകര്യങ്ങൾ വർദ്ധിക്കുമെന്നും പ്രത്യാഘാതങ്ങൾ കുറവ് വരത്തക്ക വിധത്തിൽ ഏറ്റവും

അനുയോജ്യമായ രീതിയിൽ ആണ് നിലവിലെ രൂപരേഖ തിട്ടപ്പെടുത്തിയിട്ടുള്ളതെന്നും ആയതിനാൽ നിർദ്ദിഷ്ട പദ്ധതിക്കു വേണ്ടി വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന 182.11 ആർ ഭൂമി പ്രസ്തുത പദ്ധതിയ്ക്കുവേണ്ടി ഏറ്റെടുക്കാവുന്നതാണെന്നും വിദഗ്ധ സമിതി ശുപാർശ ചെയ്തിട്ടുണ്ട്.

മേൽ പദ്ധതിയ്ക്കായി ഏറ്റവും അനുയോജ്യമായ കുറഞ്ഞ അളവിലുള്ള ഭൂമി മാത്രമാണ് ഏറ്റെടുക്കേണ്ടി വരുന്നതെന്നും ആയതിന്റെ നേട്ടങ്ങളും ആവശ്യകതയും സാമൂഹിക അസൗകര്യങ്ങളെയും ആഘാതങ്ങളെയും അപേക്ഷിച്ച് വളരെ കൂടുതലാണെന്നും ബോദ്ധ്യമായിരിക്കുന്നു.

ടി സാഹചര്യത്തിൽ മേൽ പദ്ധതിയ്ക്കായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള അർത്ഥന പ്രകാരമുള്ള ഏകദേശം 182.11 ആർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി തുടരുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 അനുസരിച്ചുള്ള തുടർ നടപടികൾക്ക് വകുപ്പ് 8(2) പ്രകാരം അനുവാദം നൽകി ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്/-

ജില്ലാ കളക്ടർ

1. അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ,പി.ഡബ്ല്യൂ.ഡി.ബ്രിഡ്ജസ് ഡിവിഷൻ, തിരുവനന്തപുരം
3. സ്പെഷ്യൽ തഹസിൽദാർ, എൽ.എ ജനറൽ, തിരുവനന്തപുരം

   (നിയമം അനുശാസിക്കുന്ന സ്ഥലങ്ങളിൽ പരസ്യപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.)
4. എൻ.ഐ.സി.ഓഫീസർക്ക് - വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി

   (ക്യാപ്ഷൻ ചുവടെ പറയും പ്രകാരം ചേർക്കേണ്ടതാണ്.

   *Engish – Land Acquisition- Construction of road & bridge connecting Azhoor& Murukkumpuzha across Kadinamkulam lake- RFCTLARR Act-Section 8(2)-Appropriate Government Order.

   *മലയാളം-പൊന്നുംവില- കഠിനംകുളം കായ ലിനു കുറുകെ അഴൂർ മുരുക്കുംപുഴ ഭാഗങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡിന്റെയും പാലത്തിന്റെയും നിർമ്മാണത്തിനായുള്ള ഭൂമിയേറ്റെടുക്കൽ 2013 ലെ RFCTLARR ആക്ട് വകുപ്പ് 8(2) പ്രകാരമുള്ള സമുചിത സർക്കാർ ഉത്തരവ്
5. കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

ഡെപ്യൂട്ടി കളക്ടർ (എൽ.എ)